**'സ്ത്രീ വിമോചനത്തിന്റെ സിന്ദൂരരേഖ' എന്ന പരസ്യ പോസ്റ്ററുമായാണ് 'രക്തസാക്ഷികൾ സിന്ദാബാദ്' എന്ന സിനിമ അവതരിപ്പിച്ചത്. എന്നാൽ, തനതായ വ്യക്തിത്വമോ കരുത്തോ ഉള്ള ഒരൊറ്റ സ്ത്രീ കഥാപാത്രംപോലും ഈ സിനിമയിലില്ല.**

# മസ്ലിൻപട്ടിൽ പാറുന്ന രക്തസാക്ഷികൾ സിന്ദാബാദ്




രേഖ കെ.കെ.

**വി.** എസ്. അച്യുതാനന്ദൻ സ്വിച്ച് ഓൺ ചെയ്ത് വിപ്ലവഗാഥയെന്ന പ്രചരണ തന്ത്രവുമായി പുറത്തിറങ്ങിയ സിനിമയാണ് രക്തസാക്ഷികൾ സിന്ദാബാദ്. ഗൗരവത്തോടെ കേരള ചരിത്രത്തെയും കമ്യൂണിസ്റ്റ് വിപ്ലവ പ്രസ്ഥാനങ്ങളെയും സമീപിക്കുന്ന ഒരാളെ ചിരിപ്പിക്കും നിരാശപ്പെടുത്തും ഈ സിനിമ. മുഖ്യധാരാ സിനിമയുടെ സ്ഥിരം ചേരുവകൾ വിപ്ലവകഥയുടെ പശ്ചാത്തലത്തിൽ അവതരിപ്പിക്കാനാണ് സംവിധായകൻ വേണു നാഗവള്ളി ശ്രമിച്ചിരിക്കുന്നത്. സൂപ്പർസ്റ്റാർ മോഹൻലാലാണ് ശിവസുബ്രഹ്മണ്യമെന്ന കമ്യൂണിസ്റ്റ് വിപ്ലവകാരി. നായകന്റെ ഉയർച്ചക്കനുയോജ്യമായ വിധം കഥാസന്ദർഭങ്ങളെ വളച്ചൊടിച്ച് നായകന്റെ വായിൽ മുദ്രാവാക്യങ്ങളും ആഹ്വാനങ്ങളും തിരുകിക്കയറ്റി പ്രേക്ഷകനെ വിഡ്ഢിയാക്കുന്നു. കമ്മീഷണർ, ഹിറ്റ്ലർ, ഏകലവ്യൻ തുടങ്ങി അമാനുഷിക ശക്തിയുള്ള നായകന്മാരെ അവതരിപ്പിക്കുന്ന ഹിറ്റ് സിനിമകളുടെ പുറവടുവഴിപ്പുകൾ തന്നെയാണിതിലും. കമ്യൂണിസ്റ്റ് വിപ്ലവത്തിന്റെ പശ്ചാത്തലം ചെങ്കൊടി ജാഥകളിലൂടെ സന്നിവേശിപ്പിക്കാൻ ശ്രമിച്ച് പരാജയപ്പെട്ടു എന്ന വ്യത്യാസം മാത്രം.

യഥാർത്ഥത്തിൽ സിനിമയുടെ കേന്ദ്രപ്രമേയം വിപ്ലവമോ അതിന്റെ ആശയതലത്തിലുള്ള ആവിഷ്കാരമോ അല്ല. സൂപ്പർസ്റ്റാറിന് വിപ്ലവത്തിന്റെ പരിവേഷം കൊടുത്ത് കൈയ്യടി വാങ്ങലാണ് സംവിധായകൻ ലക്ഷ്യമിടുന്നത്. തന്നെ സമുദായഭ്രഷ്ടനാക്കാൻ തീരുമാനിക്കുന്ന ബ്രാഹ്മണർക്കു മുന്നിൽ വച്ചും ദിവാന്റെ മുന്നിൽ വച്ചും യാഥാർത്ഥ്യാധിഷ്ഠിതമോ വിശ്വസനീയതയോ ഇല്ലാത്ത വിപ്ലവ പ്രസംഗങ്ങൾ ശിവം നടത്തുന്നത് ഇതിന് ഉത്തമദൃഷ്ടാന്തമാണ്.

ഇടയ്ക്കിടെ ചെമപ്പുകൊടി പിടിച്ചും ജാഥകളുടെ ദൃശ്യങ്ങൾ കാണിച്ചും ഒറ്റപ്പെട്ട പാർട്ടി മീറ്റിംഗുകൾ കാണിച്ചും ഒളിവിൽ താമസിക്കുന്നതു കാണിച്ചും ശിവം ചെമപ്പുകൊടി വയലിൽ നാട്ടുന്നതു കാണിച്ചുമാണ് വിപ്ലവ സ്വഭാവം അവതരിപ്പിക്കുന്നത്. ഈ അവതരണരീതിക്ക് സ്വാഭാവികതയും ക്രമാനുസൃതവും വിശ്വസനീയവുമായ വളർച്ചയും കഥാഘടനയിൽ ചേരാത്തതുമൂലം ഇതെല്ലാം വെറും കൃത്രിമ പ്രകടനങ്ങൾ മാത്രമായിത്തീരുന്നു. അല്പമെങ്കിലും ആശ്വാസമാകുന്നത് പാർട്ടി ഓർഗനൈസിംഗ് സെക്രട്ടറി തിരുമുൽപ്പാടിന്റെ (കരമന ജനാർദനൻ) അഭിനയമാണ്.

പ്രണയരംഗങ്ങളിൽ ശിവകാമിയുടെ ചലനം പലപ്പോഴും സഭ്യതയുടെ അതിരുകളിൽ സ്പർശിച്ചു നില്ക്കുന്നു. മോഹൻലാൽ രീതിയിലുള്ള സ്ഥിരം പ്രണയചേഷ്ടകളാകട്ടെ കഥാസന്ദർഭത്തിൽ മുഴച്ചു നില്ക്കുന്നു.

സ്ത്രീകഥാപാത്രങ്ങൾക്കു തനതായ വ്യക്തിത്വമില്ല. ശിവകാമി യാഥാസ്ഥിതികമായ കാമുകി സങ്കല്പത്തെ തൃപ്തിപ്പെടുത്തുന്നു. അമ്മിണി അപ്പച്ചനെ ധിക്കരിക്കാനാകാതെ കാമുകനെ പിരിഞ്ഞ് പ്രാർത്ഥനയിൽ മുഴുകഴിയുന്നു. അടുക്കളപ്പണിയും പ്രണയവും പ്രാർത്ഥനയും മാത്രമാണ് സ്ത്രീകളുടെ ലോകമെന്ന് സിനിമ ഒന്നുകൂടി ഊട്ടിയുറപ്പിക്കുന്നു.

വളർച്ചയ്ക്ക് സാധ്യതയുള്ള കഥാപാത്രമായിരുന്നു ശ്രീധരനെങ്കിലും ഉന്നതകുലജാതരായ കമ്യൂണിസ്റ്റ് നേതാക്കൾക്കിടയിൽ പിൻനിരയിലാണ് ശ്രീധരന്റെ സ്ഥാനം. ഒടുവിൽ അയാൾ രക്തസാക്ഷിയാകുന്നു. മക്കൾ അനാഥരായി തെണ്ടി നടക്കുന്നു. പാർട്ടി അതു കാണുന്നില്ല. (ജയിൽ മോചിതനായി വരുന്ന ശിവമാണവർക്ക് ഭക്ഷണം വാങ്ങിക്കൊടുക്കുന്നത്.)

അതിനെതിരെ ശിവം പാർട്ടിയെ വിമർശിക്കുന്നതുമൂലം കുട്ടികൾക്ക് നേട്ടമൊന്നുമുണ്ടാകുന്നില്ല. അതിനേക്കാൾ സംവിധായകന് താത്പര്യം നായകപരിവേഷത്തോടെ ശിവം ശിവകാമിയുമായി ഒന്നിക്കുന്നതും ഉറുമീസ് തരകനെ ശിവം പാർട്ടി സ്റ്റേറ്റ് സെക്രട്ടറിയായി ഉയർത്തുന്നത് കാണിക്കാനുമാണ്.

കമ്യൂണിസ്റ്റ് പാർട്ടിയുമായി യാതൊരു ബന്ധവുമില്ലാതിരുന്ന കെ.സി.എസ്. മണി എന്ന ചെറുപ്പക്കാരൻ ദിവാനായിരുന്ന സർ സി.പി.യെ മുഖത്ത് വെട്ടി പരിക്കേല്പിച്ച ചരിത്രസംഭവം പോലും ഈ സിനിമയിൽ മോഹൻലാലിനു വേണ്ടി മാറ്റിയിരിക്കുന്നു. മോഹൻലാൽ നായകനാകുന്ന ഒരു സിനിമയിൽ ഇത്തരമൊരു ധീരോദാത്തസംഭവം മറ്റൊരു കഥാപാത്രത്തിനു കൊടുക്കാനാവില്ല എന്നിടത്തെത്തിയിരിക്കുന്നു നമ്മുടെ സിനിമ. ഒരു സിനിമാതാരത്തിന്റെ പരിവേഷത്തിനു മുന്നിൽ പതറിപ്പോകുന്നതോ നമ്മുടെ വിപ്ലവചരിത്രം?.

കേരളത്തിലെ കാർഷികത്തൊഴിലാളികളുടെ ആത്മാഭിമാനവും ചോരയും ജീവനും കൊടുത്ത് കെട്ടിപ്പടുത്ത ഒരു പ്രസ്ഥാനത്തെ ഒരു ബ്രാഹ്മണ യുവാവും അയാളുടെ വിദ്യാസമ്പന്നനായ സുഹൃത്തും ചേർന്ന് സംവിധാനം ചെയ്യുന്ന ഒരു നാടകത്തെപ്പോലെ ചുരുട്ടിക്കെട്ടിക്കാണിച്ച ഈ സിനിമ ഒരു കർഷകവിരുദ്ധ സാധനമാണ്.